തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടി ക്രമങ്ങൾ
**ഹാജർ : ശ്രീ.പി.ആർ.സജികുമാർ**

വിഷയം:- കാലടി ഗ്രാമ പഞ്ചായത്ത് പി.രവി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നവരെ 21.03.2016 മുതൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു -

സൂചന:-
1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ 11.08.2015-ാം തീയതിയിലെ കെ.എസ്.എ-ഇ കെഎം (പി4) 1443/15 നമ്പർ അന്വേഷണ റിപ്പോർട്ട് .
2) എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.02.2016 തീയതിയിലെ കത്ത് നം. എ3-619/15
3) പി.ഡബ്ല്യൂഡി കോൺട്രാക്ടറുടെ ടിയാനെതിരെയുള്ള 19.01.2016 ലെ പരാതി
4) ഇലക്ഷൻ കമ്മീഷന്റെ 16.03.2016 തീയതിയിലെ 1080(311)/ഇ.എൽ4/16/Elec. നം ഉത്തരവ്

**ഉത്തരവ് നം. ഇ14/9742/2015/സിഇ/തസ്വഭവ തീയതി 21.03.2016**

കാലടി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.രവി എന്ന താങ്കൾ സ്വന്തം ഇഷ്ടപ്രകാരവും, നിയമവിധേയമല്ലാതെയും മേലധികാരികളുടെ ഉത്തരവുകൾ അനുസരിക്കാതെയും ഓഫീസ് നടപടികൾ ചെയ്തു വരുന്നതായി എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സൂചന (2) പ്രകാരമുള്ള കത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പലതവണ മേലധികാരികൾ താക്കീത് നൽകിയിട്ടും പൂർവ്വാധികം കരുത്തോട് കൂടി വീണ്ടും ഈ തെറ്റുകൾ താങ്കൾ ആവർത്തിക്കുന്നതായും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് പ്രകാരം 03.02.2016 ന് കാലടി ഗ്രാമ പഞ്ചായത്തിലെ ചെക്ക് ഡാം എന്ന പ്രവൃത്തിയുടെ സൈറ്റ് ഇൻസ്പെക്ഷന് വേണ്ടി സ്റ്റേറ്റ് പെർഫോർമൻസ് സംഘങ്ങൾ പരിശോധനയ്ക്കായി വരുന്ന വിവരം താങ്കളെ മുൻകൂട്ടി അറിയിച്ചിട്ടും താങ്കൾ മനപ്പൂർവ്വം ഹാജരായിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.
2) പ്രവൃത്തികൾ നടപ്പിലാക്കിയ കരാറുകാർക്ക് നൽകേണ്ട തുക സ്വന്തം അക്കൗണ്ടിൽ നിക്ഷേപിക്കുകയും സ്വന്തം ഇഷ്ടപ്രകാരം ഇഷ്ടമുള്ള തുക കരാറുകാർക്ക് നൽകുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് പരാതിപ്പെടുന്ന കരാറുകാരുടെ തുക പഞ്ചായത്തിലേയ്ക്ക് തിരിച്ച് അടച്ച് കരാറുകാരെ ബുദ്ധിമുട്ടിപ്പിക്കുന്നു.
3) 03.08.2015 ലെ ഓഡിററ് പരിശോധനയിൽ അളവുകൾ രേഖപ്പെടുത്താതെ കണ്ടെത്തിയ പൂർത്തീകരിച്ച പ്രവൃത്തികളുടെ അളവുകൾ മുൻ തീയതികളിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൊണ്ട് ബിൽ പാസാക്കി പേയ്മെന്റുകൾ നൽകി.
4) 3/15 ൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ ഇതുവരെ പാസാക്കി നൽകിയിട്ടില്ല.
5) മേലധികാരികളെ കുറിച്ച് അപവാദപ്രചാരണം നടത്തുന്നു.
6) എഗ്രിമെന്റ് ഷെഡ്യൂളിന് വിരുദ്ധമായി കരാറുകാർക്ക് ബില്ല് തയ്യാറാക്കി നൽകുന്നു.

7) മേലധികാരികളുടെ അംഗീകാരവും അനുമതിയുമില്ലാതെ അധികയിനങ്ങൾ നടപ്പാക്കുന്നതിന് കരാറുകാർക്ക് നിർദ്ദേശം നൽകുന്നു. ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താതിരിക്കുകയും ചെയ്യുന്നു.

മേൽ പരാമർശിച്ചിരിക്കുന്ന നടപടികൾ വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയതായി ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ 1960 ലെ കെ.സി.എസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10(3) പ്രകാരം ശ്രീ.രവി.പി, അസിസ്റ്റന്റ് എഞ്ചിനീയർ എന്ന താങ്കളെ 21.03.2016 മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ചീഫ് എൻജിനീയർ

ശ്രീ.രവി.പി,
അസിസ്റ്റന്റ് എഞ്ചിനീയർ,
കാലടി ഗ്രാമ പഞ്ചായത്ത്, (എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, എറണാകുളം മുഖാന്തിരം)

പകർപ്പ് :
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, എറണാകുളം
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ, തൃശ്ശൂർ (ആമുഖ കത്ത് മുഖാന്തിരം)
4) ഈ ഓഫീസ് ഇ3 സെക്ഷൻ
5) കരുതൽ ഫയൽ